**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 872** **26-07-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മയും യോഗ്യതക്കനുസരിച്ചുള്ള തൊഴിലിന്റെ ദൗർലഭ്യവും പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ മൃദു നൈപുണ്യ പരിശീലനം നൽകിക്കൊണ്ട് സ്വകാര്യ മേഖലയിലെ തൊഴിലിനു പ്രാപ്തരാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/ പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കു ബാങ്കുമായി ബന്ധപ്പെട്ടു സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും, വകുപ്പ് മുഖാന്തിരം സബ്സിഡിയും നല്കുന്നതിനുമായി കെസ്റ്റു, മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ് / ജോബ് ക്ലബ്, നവജീവൻ എന്നീ പദ്ധതികളും, വകുപ്പ് നേരിട്ട് വായ്പ അനുവദിച്ച് നടപ്പിലാക്കി വരുന്ന, സമൂഹത്തിലെ അശരണരായ സ്ത്രീകൾക്കു വേണ്ടിയുള്ള 'ശരണ്യ' പദ്ധതിയും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ച് ഉയർത്താനായുള്ള 'കൈവല്യ' പദ്ധതിയും ഇതിനായി നടപ്പിലാക്കി വരുന്നു. |
| (ബി) | മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ | (ബി) | മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ പദ്ധതികൾ നിലവിൽ എംപ്ലോയ്മെന്റ് വകുപ്പിന്റെ പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ ; | | |
| (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്വയം തൊഴിൽ പദ്ധതികൾ പരിപോഷിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ധാരാളം തൊഴിൽരഹിതർ സ്വയംതൊഴിൽ രംഗത്തേക്ക് കടന്നു വരുന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന  സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് കൂടുതൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വയം തൊഴിൽ ധനസഹായം ലഭിക്കുന്നതിനായി നിലവിൽ ലഭ്യമായ അപേക്ഷകൾ പരിശോധിക്കുകയും അപേക്ഷകരെ ഓൺലൈനായി കൂടിക്കാഴ്ച്ച നടത്തി, അർഹരായവരെ കണ്ടെത്തി വായ്പാ/സബ്സിഡി അനുവദിക്കുന്നതിനു വേണ്ട തുടർനടപടികളും ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നു. ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ 'കൈവല്യ'യുടെ കുടിശ്ശിക ആയിട്ടുള്ള 7449 സ്വയം തൊഴിൽ വായ്പാ അപേക്ഷകൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുഖേന തീർപ്പാക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ